# കേരളസർവകലാശാല

നം.പി.ആർ.18/2021

# പത്രക്കുറിപ്പ്

## ടൈംടേബിൾ

കേരളസർവകലാശാല 2021 ജനുവരിയിൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ. മേഴ്സിചാൻസ് (2014 സ്കീം – 2014 അഡ്മിഷൻ മാത്രം), സപ്ലിമെന്ററി (2014 സ്കീം – 2016 ആന്റ് 2017 അഡ്മിഷൻ), റെഗുലർ ആന്റ് സപ്ലിമെന്ററി (2018 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 ഡിസംബറിൽ നടത്തിയ നാലും ആറും സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് (ഹിയറിംഗ് ഇംപയേർഡ്) ഡിഗ്രി പരീക്ഷകളുടെ പ്രായോഗിക പരീക്ഷകൾ 2021 ഫെബ്രുവരി 1 മുതൽ 10 വരെ അതതു കോളേജുകളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തുന്ന പിഎച്.ഡി. കോഴ്സ്വർക്ക് പരീക്ഷയുടെ (ഡിസംബർ 2020 സെഷൻ) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2021 ഫെബ്രുവരി 2 മുതൽ നടത്തുന്ന എം.എ./എം.എസ്.സി./എം.കോം. (പ്രീവിയസ് ആന്റ് ഫൈനൽ, വിദൂരവിദ്യാഭ്യാസം) സപ്ലിമെന്ററി – മേഴ്സിചാൻസ് ഡിഗ്രി പരീക്ഷകൾക്ക് തിരുവനന്തപുരം ജില്ലയിൽ നാഷണൽ കോളേജ്, അമ്പലത്തറ, കൊല്ലം ജില്ലയിൽ ഡി.ബി.കോളേജ്, ശാസ്താംകോട്ട, ആലപ്പുഴ ജില്ലയിൽ എസ്.എൻ.കോളേജ്, ചേർത്തല എന്നിവയാണ് പരീക്ഷാകേന്ദ്രങ്ങൾ. പരീക്ഷാർത്ഥികൾ അതതു പരീക്ഷാകേന്ദ്രങ്ങളിൽ നിന്ന് ഹാൾടിക്കറ്റുകൾ കൈപ്പറ്റേണ്ടതാണ്.

## പരീക്ഷാഫലം

2020 ഏപ്രിലിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ബി.എ. 2014 സ്കീം (സപ്ലിമെന്ററി – ഫുൾടൈം/ഈവനിംഗ് റെഗുലർ/യു.ഐ.എം./ട്രാവൽ ആന്റ് ടൂറിസം) 2018 സ്കീം (ഫുൾടൈം/റെഗുലർ ഈവനിംഗ്/യു.ഐ.എം./ട്രാവൽ ആന്റ് ടൂറിസം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഫെബ്രുവരി 5 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. മൈക്രോബയോളജി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഫെബ്രുവരി 1 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വിദ്യാർത്ഥികൾക്കൊപ്പം ഉന്നതവിദ്യാഭ്യാസ സംവാദത്തിന് മുഖ്യമന്ത്രി എത്തുന്നു

ഉന്നതവിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾക്ക് വഴിതുറക്കുന്ന പഠന-ഗവേഷണ പ്രശ്നങ്ങളെ സംബന്ധിച്ച സംവാദത്തിൽ പങ്കെടുക്കുവാൻ ഫെബ്രുവരി 6 ന് മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ കേരളസർവകലാശാലയിൽ എത്തുന്നു. പാളയം സെനറ്റ്ഹൗസ് കാമ്പസിലെ സെനറ്റ് ഹാളിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. സി. എം @ ക്യാമ്പസ് എന്ന പ്രസ്തുത പരിപാടിയിൽ കേരളസർവകലാശാലയിലെ വിവിധ വിദ്യാലയങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന വ്യത്യസ്ത മേഖലകളിലെ പ്രതിഭാധനരായ 200 വിദ്യാർത്ഥികൾ നേരിട്ടും ആയിരത്തിലധികം വിദ്യാർത്ഥികൾ ഓൺലൈനായും പങ്കെടുക്കും. ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ഏതുവിദ്യാർത്ഥിക്കും ഓൺലൈനായി സമർപ്പിക്കുന്നതിനും അവസരമൊരുക്കുന്നുണ്ട്. നിർദ്ദേശങ്ങളെല്ലാം സമാഹരിച്ച് മുഖ്യമന്ത്രിക്ക് കൈമാറുന്നതിനുള്ള നടപടികളും സർവകലാശാല സ്വീകരിച്ചിട്ടുണ്ട്. ഇതിനായുള്ള വെബ്സൈറ്റിന്റെ ഉദ്ഘാടനം ശനിയാഴ്ച രാവിലെ 11 ന് സിൻഡിക്കേറ്റ് ഹാളിൽ വച്ച് വൈസ് ചാൻസലർ പ്രൊഫസർ (ഡോ.) വി.പി മഹാദേവൻ പിള്ള ഉദ്ഘാടനം ചെയ്തു. കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലെയും സർവകലാശാല പഠന വകുപ്പുകളിലെയും ബിരുദ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഈ വെബ്സൈറ്റിലൂടെ തങ്ങളുടെ നിർദ്ദേശങ്ങൾ സമർപ്പിക്കാം. https://www.keralauniversity.ac.in/cm@campus എന്നതാണ് വെബ്സൈറ്റ് അഡ്രസ്സ്.

ചടങ്ങിൽ പ്രോ-വൈസ് ചാൻസലർ ഡോ.പി.പി അജയകുമാർ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കെ എച്ച്.ബാബുജാൻ, ഡോ.എസ്. നസീബ്, അഡ്വ.എ.മുരളീധരന പിള്ള, ശ്രീ എം വിജയൻപിള്ള, ഡോ.ഗോപ് ചന്ദ്രൻ കെ.ജി എന്നിവർ പങ്കെടുത്തു.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
23.01.2021

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 9188526670, 9188526671, 9188526674, 9188526675